# വിദ്യാരംഗം കലാസാഹിത്യവേദി
# സാഹിത്യോത്സവം 2016-17

### യു.പി.വിഭാഗം പ്രവർത്തനസമാഹാരം

## *1. ക്ലാസ്തല സാഹിത്യശില്പശാല*

**പൊതു നിർദ്ദേശങ്ങൾ**

- 5, 6, 7 ക്ലാസുകളിലെ എല്ലാ കുട്ടികളേയും പങ്കെടുപ്പിച്ചുകൊണ്ടായിരിക്കണം ക്ലാസ്തലശില്പ ശാലയിലെ പ്രവർത്തനങ്ങൾ നടക്കേണ്ടത്.
- ഓരോ ക്ലാസിലെയും ക്ലാസ്ടീച്ചറാണ് ശില്പശാല നയിക്കേണ്ടത്. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ചുമതലയുള്ള അധ്യാപകന്റെ/അധ്യാപികയുടെ സഹകരണം ഉറപ്പാക്കുക. പ്രവർത്തനങ്ങളിൽ ഓരോ കുട്ടിക്കും അവസരം ലഭിക്കുന്നുണ്ടെന്ന് ക്ലാസ് ടീച്ചർ ഉറപ്പു വരുത്ത ണം.
- ഒക്ടോബർ 13 മുതൽ 22 കൂടിയുള്ള 10 ദിവസങ്ങൾക്കകത്ത് ഏറ്റവും ചുരുങ്ങിയത് 6 മണിക്കൂർ സമയം ശില്പശാലാ പ്രവർത്തനങ്ങൾക്കായി ആവശ്യമാകും.
- ഓരോ ക്ലാസ് ഡിവിഷനിലും മുൻകൂട്ടി നിശ്ചയിച്ച സമയക്രമമനുസരിച്ച് പല ദിവസങ്ങളിലായി പ്രവർത്തനങ്ങൾ ചെയ്ത് പൂർത്തിയാക്കുമല്ലോ.
- ഉപജില്ലാതല പരിശീലനത്തിനെത്തുടർന്ന്  ഉപജില്ലാ വിദ്യാരംഗം കലാസാഹിത്യവേദി സമിതി യുടെ സഹകരണത്തോടെ ആവശ്യമായ വായനാവിഭവങ്ങളും മറ്റു സഹായകസാമഗ്രികളും ഒരുക്കണേ...
- കുട്ടികൾക്ക് എഴുതുന്നതിനും വരയ്ക്കുന്നതിനും ആവശ്യമായ കടലാസ്, പേന, പെൻസിൽ, വായനക്കുള്ള രചനകളുടെ ഫോട്ടോകോപ്പി, കളറിങ്ങ് സാമഗ്രികൾ, പതിപ്പുകൾ തയ്യാറാക്കുന്ന തിനാവശ്യമായ സൗകര്യങ്ങൾ... ഇവയെല്ലാം ശില്പശാലയ്ക്കു മുമ്പായി ഒരുക്കേണ്ടിവരും.
- ഓരോ പ്രവർത്തനത്തിലും നൽകിയിട്ടുള്ള സൂചനകൾക്കനുസരിച്ച് ക്ലാസ്തലശില്പശാല യ്ക്കൊടുവിൽ സ്കൂൾതലശില്പശാലയിൽ പങ്കെടുക്കുന്നതിനുള്ള കുട്ടികൾ ആരെല്ലാമെന്ന് തെരഞ്ഞെടുക്കണം. ഈ തെരഞ്ഞെടുപ്പിൽ കുട്ടികളുടെ അഭിപ്രായങ്ങളും പരിഗണിക്കുന്നത് നല്ലതാണ്.
- നിശ്ചയിച്ച എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കാൻ ശ്രമിക്കുക.

**സെഷൻ 1**

***നമ്മുടെ ഇഷ്ടങ്ങൾ***

ഒ.എൻ.വി.കുറുപ്പിന്റെ 'മോഹം' എന്ന കവിത കുട്ടികളെല്ലാവരും ചേർന്ന് കേൾക്കുന്നു.

കവിത കേൾപ്പിക്കുന്നതിന് കഴിഞ്ഞ വർഷം സാഹിത്യോത്സവമൊഡ്യൂളിനോടുകൂടി നൽകിയ ഓഡിയോ സി.ഡി., യൂ-ട്യൂബ് ഡൗൺലോഡ്, മറ്റു ഐ.സി.ടി.സൗകര്യങ്ങൾ എന്നിവ പ്രയോജന പ്പെടുത്താം. (<u>അനുബന്ധം 1 - കവിതയുടെ ടെക്സ്റ്റ്</u>) അധ്യാപികയോ, സ്കൂളിലെ കുട്ടികളുടെ ഗായകസംഘമോ ചൊല്ലുകയുമാവാം.

അധ്യാപികയും കുട്ടികളും ചേർന്ന് ഈ കവിത സംഘമായി ചൊല്ലുന്നു. ഒന്നോ രണ്ടോ കുട്ടിക ളുടെ ഒറ്റയ്ക്കുള്ള ആലാപനവും ആകാം.

ലഘുചോദ്യങ്ങളിലൂടെ ഒരു തുറന്ന ചർച്ച. ക്ലാസിൽ എഴുത്തിലും വായനയിലും വേഗത കുറവായ കുട്ടികൾക്ക് പറയാനുള്ള അവസരം ടീച്ചർ ബോധപൂർവ്വം ഉണ്ടാക്കണം.

- എന്തിനെക്കുറിച്ചാണ് ഈ കവിത നമ്മളോടു പറയുന്നത്?

- കവിയുടെ മോഹങ്ങളെന്തെല്ലാമാണ്?
- ഇങ്ങനെ മോഹം തോന്നാൻ എന്തെല്ലാം കാരണങ്ങളുണ്ടാവും?

വിദ്യാലയത്തോടും കുട്ടിക്കാലത്തോടും അന്നു ചെയ്ത പല കുസൃതികളോടുമുള്ള ഇഷ്ടമാണ് ഈ മോഹങ്ങളുടെ അടിസ്ഥാനം എന്ന ആശയത്തിലേയ്ക്ക് കുട്ടികളെ നയിച്ചുകൊണ്ട് അധ്യാപിക ചർച്ച ക്രോഡീകരിക്കുന്നു.

ചർച്ചയിൽ ഉണ്ടായ ശ്രദ്ധേയമായ അഭിപ്രായങ്ങളും സാന്ദർഭികമായി കുട്ടികൾ പറയാനിടയുള്ള അനുഭവങ്ങളും ടീച്ചർ എഴുതിവെയ്ക്കുന്നത് നല്ലതാണ്.

തുടർന്ന് എൻ.വി.കൃഷ്ണവാരിയരുടെ കവിതയിലെ ചില വരികൾ പരിചയപ്പെടുത്തുന്നു. (അനുബന്ധം 2)

ചാർട്ടിൽ മുൻകൂട്ടി എഴുതിവച്ചത് കുട്ടികൾ വായിച്ചുകൊണ്ട് പരിചയപ്പെടട്ടെ. ഒന്നുരണ്ടു കുട്ടികൾക്ക് ചൊല്ലാൻ അവസരം നൽകുന്നു.

ഈ കവിതയിൽ പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്?

കുട്ടികളുടെ വ്യത്യസ്തമായ ഇഷ്ടങ്ങൾ പറയുന്നതിലേക്ക് ചർച്ച കൊണ്ടുപോകണം. കുട്ടികൾ പറയുന്ന ഇഷ്ടങ്ങൾ ടീച്ചർ ചാർട്ടിൽ ഒന്നൊന്നായി എഴുതുന്നു. ആശയപ്രകടനത്തിന് പ്രയാസമുള്ള കുട്ടികൾക്ക് ആദ്യം അവസരം നൽകണം.

'എന്തുകൊണ്ട് എനിക്ക് ഇഷ്ടമായി' എന്ന് വിശദീകരിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ഉള്ളടക്കത്തിലും അവതരണത്തിലും സവിശേഷതയും മികവുമുള്ള പ്രതികരണങ്ങൾ ടീച്ചർ രേഖപ്പെടുത്തുന്നു.

## സെഷൻ 2

## *കാഴ്ചയും എഴുത്തും*

അനുബന്ധം 3 ആയി നൽകിയിട്ടുള്ള വിഡിയോ (Whats that? / Sparrow) കുട്ടികൾ കാണുന്നു.

ഈ വിഡിയോ കാണിക്കാനുള്ള സംവിധാനം നേരത്തേ ഒരുക്കണം. (പ്രൊജക്ടർ/ലാപ് ടോപ്...) ഒന്നിലധികം ക്ലാസ്സുകാരെ ഒന്നിച്ച് കാണിക്കുന്ന രീതിയാവാം. എന്നാൽ തുടർന്നുള്ള ചർച്ച ഓരോ ക്ലാസ് ഡിവിഷനിലും വെവ്വേറെ നടക്കണം.

ഈ ഹ്രസ്വചിത്രത്തിന് ഒരു പേരു നൽകാൻ കുട്ടികളോട് നിർദ്ദേശിക്കുന്നു.

പേരുകൾ കുട്ടികൾ പറയുന്നു. ടീച്ചർ അവ ചാർട്ടിലെഴുതി എല്ലാവർക്കും വായിക്കാനവസരം നൽകുന്നു. മികച്ച രണ്ടോ മൂന്നോ പേരുകൾ അവർ തെരഞ്ഞെടുക്കട്ടെ.

എന്തുകൊണ്ടാണ് ആ പേരു നൽകിയതെന്ന് വിശദീകരിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. ഈ വിശദീകരണങ്ങളിൽ ഇടപെട്ടുകൊണ്ട് ചില വസ്തുക്കളോടും ആളുകളോടും തോന്നുന്ന ഇഷ്ടം, മോഹം എന്നീ വികാരങ്ങളെക്കുറിച്ച് ഗുണപരമായ ചർച്ച ക്ലാസിൽ നടത്തണം.

തുടർന്ന് എം.കൃഷ്ണദാസ് രചിച്ച 'അടുപ്പം' എന്ന കൊച്ചുകഥ (അനുബന്ധം 4) 4-5 പേരുള്ള ഗ്രൂപ്പുകളിൽ വായിക്കാൻ നൽകുന്നു. ഗ്രൂപ്പുകളിൽ വായനയും ചർച്ചയും. ചർച്ചയ്ക്കു സഹായകമായ ചില ചോദ്യങ്ങൾ കുട്ടികളുടെ വായനയ്ക്കിടയിൽ ടീച്ചർ ബോർഡിൽ / ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം.

- ഈ കഥയിലെ 'ഞാൻ' ആരാണ്?
- കഥയിലെ 'എന്നെ' കൂടുതൽ പേരും ഇഷ്ടപ്പെടുന്നു. എന്നാൽ ഒരു കൂട്ടർമാത്രം അതിൽനിന്ന് വ്യത്യസ്തരാണ്. ആരാണ് അവർ?
- ആർക്ക് ആരോടാണ് അഴിയാത്ത അടുപ്പമുണ്ടായത്?
- അടുപ്പത്തിന്റെ എന്തെല്ലാം അവസ്ഥകളാണ് ഈ കഥയിൽ ഉള്ളത്?

ഓരോ ഗ്രൂപ്പും കഥ വായിച്ച്, ടീച്ചർ നൽകിയ ചോദ്യങ്ങൾകൂടി പരിഗണിച്ച് കഥയെ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുന്നു.

കുട്ടികൾ ഗ്രൂപ്പിൽ തയ്യാറാക്കിയ വിശകലന(വായന)ക്കുറിപ്പ് പൊതുവായി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകളുടെയും ടീച്ചറുടെയും കൂട്ടിച്ചേർക്കലുകൾ. ആസാദിന് കുപ്പായത്തോടും കുപ്പായത്തിന്

ആസാദിനോടുമുള്ള ഇഷ്ടം കുട്ടികളുടെ മനസ്സിലെത്തുന്ന തരത്തിൽ ടീച്ചർ ചർച്ച പൂർണ്ണമാക്കണം.

ഓരോ ഇഷ്ടത്തിനും പിന്നിൽ പല അനുഭവങ്ങളും ഉണ്ട്. ഇഷ്ടമോ ഇഷ്ടക്കേടോ ഉണ്ടാകുന്നത് ഇത്തരം അനുഭവങ്ങളിൽനിന്നാണ്. മനസ്സിൽ തങ്ങിനിൽക്കുന്ന ഒരനുഭവം എഴുതാൻ നിർദ്ദേശിക്കുന്നു. (വ്യക്തിഗതരചന). രചനയ്ക്ക് നല്ലൊരു ശീർഷകം നൽകണം.

ഗ്രൂപ്പുകളിൽ പരസ്പരം വായിച്ച് മികച്ച ഒരു രചന ഗ്രൂപ്പംഗങ്ങൾതന്നെ കണ്ടെത്തി പൊതുവായി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾക്കും ടീച്ചർക്കും രചനകളോട് പ്രതികരിക്കാനുള്ള അവസരം.

അവതരിപ്പിച്ച രചനകളുടെ ഭാഷാപരവും ഉള്ളടക്കപരവും വൈകാരികവുമായ അംശങ്ങൾ വിശകലനം ചെയ്യുന്നതിനും അതിലൂടെ സ്വന്തം രചനയെ മെച്ചപ്പെടുത്താൻ സഹായിക്കുന്നതിനുമാണ് ഈ ചർച്ചയിലൂടെ ശ്രമിക്കേണ്ടത്. അനുബന്ധത്തിൽ നൽകിയ ചില അനുഭവക്കുറിപ്പുകൾ ഗ്രൂപ്പുകളിൽ വായനയ്ക്കു നൽകിയോ, ടീച്ചർ വായിച്ചുകൊടുത്തോ പരിചയപ്പെടുത്താം.

അവതരണങ്ങൾക്കും ചർച്ചയ്ക്കും ശേഷം കുട്ടികൾ രചനകൾ വ്യക്തിഗതമായി മെച്ചപ്പെടുത്തുന്നു.

എല്ലാ രചനകളും ശേഖരിച്ച് പതിപ്പാക്കുന്നതിന് കുട്ടികളുടെ ഒരു ഗ്രൂപ്പിന് ടീച്ചർ ചുമതല നൽകുന്നു. പതിപ്പിന് യോജിച്ച ഒരു പേര് കുട്ടികളിൽനിന്നുതന്നെ കണ്ടെത്തുന്നത് നല്ലതാണ്.

(രചനയുടെ മികവനുസരിച്ച് സ്കൂൾതലസാഹിത്യോത്സവത്തിൽ ക്ലാസിന്റെ പ്രതിനിധികളാകേണ്ട 2-3 പേരെ ടീച്ചർ കണ്ടെത്തണം)

## സെഷൻ 3

### *കഥ കേൾക്കാം*

എങ്ങനെയാണ് ഒരു കഥ വായിക്കുന്നത്? കഥയുടെ ഉറക്കെയുള്ള വായന എങ്ങനെയെല്ലാം ആയിരിക്കണം? കുട്ടികളുടെ അഭിപ്രായങ്ങൾ പങ്കുവെയ്ക്കുന്നു.

തുടർന്ന് ബഷീറിന്റെ 'ആനപ്പൂട' എന്ന കഥയുടെ ഓഡിയോ കേൾക്കുന്നു. ഓഡിയോയ്ക്കു പകരം സ്കൂളിൽ മനോഹരമായി കഥ വായിക്കാൻ കഴിവുള്ള കുട്ടിയുടെയോ ടീച്ചറുടെയോ വായന ആകാം. വായനയിൽ ഉച്ചാരണം, ശബ്ദക്രമീകരണം, വൈകാരികത (ഭാവതലം), വാമൊഴി/സംഭാഷണം വായിക്കുമ്പോളുള്ള ശ്രദ്ധ എന്നിവ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

കഥ കേട്ടതിനു ശേഷം കഥവായനയുടെ പ്രത്യേകതകൾ കുട്ടികൾ പറയട്ടെ. നേരത്തേ അവർ പറഞ്ഞ അഭിപ്രായങ്ങളുമായി താരതമ്യം ചെയ്യുകയുമാവാം.

- കഥയിലെ കഥാപാത്രങ്ങൾ, കാഴ്ചകൾ തുടങ്ങി എന്തെല്ലാം കാര്യങ്ങൾ ഇപ്പോൾ നിങ്ങളുടെ മനസ്സിലുണ്ട്?
- ഏതെല്ലാം സന്ദർഭങ്ങളാണ് നിങ്ങൾക്കേറെ ഇഷ്ടമായത്?
- ഒരു ചിത്രംപോലെ നിങ്ങളുടെ മനസ്സിൽ തെളിയുന്ന കഥാസന്ദർഭങ്ങൾ ഏതെല്ലാമാണ്?

നിങ്ങൾ വായിച്ച മറ്റേതെങ്കിലും കഥ/കവിതയിലെ മനസ്സിൽ ചിത്രങ്ങളുണ്ടാക്കുന്ന ഏതെങ്കിലും സന്ദർഭങ്ങൾ പറയാമോ?

('പൂതപ്പാട്ടി'ലെ പൂതത്തിന്റെ വരവ്, നങ്ങേലി ഉണ്ണിയെ പാഠശാലയിലേക്ക് അണിയിച്ചൊരുക്കുന്ന സന്ദർഭം, 'മാമ്പഴം' എന്ന കവിതയിൽ അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ചപോലെ പൂങ്കുല ഒടിച്ചു ഓടി വരുന്ന കാഴ്ച, 'അടുപ്പം' എന്ന കഥയിൽ കുട്ടികൾ കുളത്തിൽ നീന്തിക്കളിക്കുന്നതും മാവിൽ പൊത്തിപ്പിടിച്ചു കയറുന്നതും.... ഈ ദൃശ്യങ്ങളിൽ ചിലതെങ്കിലും ടീച്ചർ കുട്ടികളുടെ മനസ്സിലേക്ക് കൂട്ടിക്കൊണ്ടുവരണം)

- ഇപ്പോൾ നമ്മൾ കേട്ട കഥയിലെ ചില കാഴ്ചകൾ ഒന്നു വരച്ചുനോക്കിയാലോ?

കുട്ടികൾക്ക് കഥ (ആനപ്പൂട) ഒരിക്കൽക്കൂടി കേൾക്കാൻ അവസരം നൽകുന്നു. (വായിക്കാൻ നൽകിയാലും മതി)

തുടർന്ന് ചിത്രരചന. ചിത്രം വരയ്ക്കാനുള്ള കടലാസും സാമഗ്രികളും കുട്ടികൾക്ക് നൽകണം. ക്രയോൺ, സ്കെച്ച് പെൻ, പെൻസിൽ തുടങ്ങിയവ കുട്ടികളോട് കൊണ്ടുവരാൻ മുൻകൂട്ടി പറയാം. അവ പരസ്പരം കൈമാറുന്ന രീതിയും ക്ലാസിൽ ഉണ്ടാകണം. ടീച്ചറുടെ ഇടപെടലിലൂടെ എല്ലാവർക്കും വരയ്ക്കാനുള്ള അവസരവും സാമഗ്രികളും താല്പര്യവും ലഭിക്കണം.

ക്ലാസ്സിൽ എല്ലാവരുടെയും ചിത്രം പ്രദർശിപ്പിക്കണം. സ്വന്തം ചിത്രത്തെക്കുറിച്ചും മറ്റു ചിത്രങ്ങളെക്കുറിച്ചും കുട്ടികൾക്ക് പറയാനവസരം നൽകുന്നു.

ചിത്രങ്ങൾ സമാഹരിച്ച് ചിത്രപ്പതിപ്പുണ്ടാക്കുന്നു.

(നേരത്തേ രചനാപതിപ്പുണ്ടാക്കുന്ന രീതി ഇവിടെയും തുടരാം.)

സ്കൂൾതലശില്പശാലയിൽ പങ്കെടുക്കാൻ ചിത്രരചനയില മികവുള്ള 2–3 കുട്ടികളെ ടീച്ചർ കണ്ടെത്തണം.

**സെഷൻ 4**

## *ചിത്രം വരയ്ക്കാം*

അനുബന്ധം 5 ആയി കൊടുത്തിട്ടുള്ള ചിത്രങ്ങൾ / ചിത്രം കുട്ടികൾക്കിടയിൽ വിതരണം ചെയ്യുന്നു. അവർ അതിനു ചേരുന്ന അടിക്കുറിപ്പ് എഴുതട്ടെ.

അടിക്കുറിപ്പുകൾ ടീച്ചർ ചാർട്ടിലെഴുതുന്നു. എന്തുകൊണ്ട് ആ കുറിപ്പു നൽകിയെന്ന് എഴുതിയ കുട്ടി വിശദീകരിക്കട്ടെ.  മറ്റുള്ള വർക്കും പ്രതികരിക്കാം.

മികച്ച അടിക്കുറിപ്പുകൾ കുട്ടികൾ തെരഞ്ഞെടുക്കുന്നു.

(എല്ലാ കുട്ടികൾക്കും ഒരേ ചിത്രമാണ് നൽകുന്നതെങ്കിൽ പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കാം. എന്നാൽ ചിത്രവായന എന്ന നിലയിൽ ഈ പ്രവർത്തനം അർത്ഥപൂർണ്ണമാകുന്നത് കുട്ടികൾക്ക് പല ചിത്രങ്ങളോടു പ്രതികരിക്കാനുള്ള അവസരം നൽകുമ്പോഴാണ്.)

തുടർന്ന് ക്ലാസിൽ പൊതുവായി ഒരു ചിത്രം പ്രദർശിപ്പിക്കുന്നു. (അനുബന്ധം 6 നോക്കുക)

കുട്ടികൾ ആ ചിത്രം കേന്ദ്രമാക്കി ഇഷ്ടമുള്ള ഒരു രചന തയ്യാറാക്കുന്നു. കഥ, കവിത, അനുഭവം, കത്ത് എന്നിങ്ങനെ ഏതുമാകാം.

ഏതാനും കുട്ടികളുടെ അവതരണം

(പഠനവേഗത കുറഞ്ഞവരെ പ്രത്യേകം പരിഗണിക്കണം. രചനയുടെ മികവു കണ്ടെത്താനല്ല, അവർക്ക് അവസരം നൽകുന്നതിനാണ് ശ്രദ്ധിക്കേണ്ടത്.)

രചനാപതിപ്പ് തയ്യാറാക്കുന്നു.

**സെഷൻ 5**

## *കവിത ചൊല്ലി രസിക്കാം*

കവിതാസ്വാദനത്തിന്റെ ആദ്യപടികളിലൊന്ന് താളബദ്ധമായ കവിതകൾ കേട്ടും ചൊല്ലിയും രസിക്കലാണ്. കാവ്യഭാഷയുടെ ഒഴുക്കും കിലുക്കവും അനുഭവിക്കാൻ കുട്ടികൾക്ക് ധാരാളം അവസരങ്ങൾ വേണം. അത്തരം അവസരങ്ങളൊരുക്കാനാണ് ഈ സെഷൻ.

ഇഷ്ടം, സ്നേഹം എന്നീ പ്രമേയങ്ങളാവിഷ്കരിക്കുന്ന ഏതാനും കവിതകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. അവയും സമാനമായ മറ്റു കവിതകളും ഈ പ്രവർത്തനത്തിന് ഉപയോഗിക്കാം. മനുഷ്യന് മനുഷ്യനോടും പ്രകൃതിയോടും തോന്നുന്ന ഇഷ്ടങ്ങളാണ് ഈ കവിതകളിലെ പൊതുവായ പ്രമേയം.

വള്ളത്തോളിന്റെ 'ഒരു ചിത്രം' എന്ന കവിതയിലെ വരികളോ (കവിത ആറാം ക്ലാസിലെ പാഠപുസ്തകത്തിലുണ്ട്) പൂതപ്പാട്ടിലെ 'ആറ്റിൻ വക്കത്തെ മാളികവീട്ടിൽ...' എന്നു തുടങ്ങുന്ന ഭാഗമോ ചൊല്ലിക്കൊണ്ട് ഈ പ്രവർത്തനമാരംഭിക്കാം. കൊച്ചുകവിതകളാണ് കൂടുതൽ യോജിച്ചത്. വലിയ കവിതകളുടെ പ്രസക്തമായ വരികൾ മാത്രം എടുത്തുപയോഗിക്കാം.

(ടീച്ചറുടെ ആലാപനം അല്ലെങ്കിൽ ഓഡിയോ സി.ഡി.)

കുട്ടികളുടെ ഗ്രൂപ്പുകളിൽ വ്യത്യസ്ത കവിതകൾ കൊടുത്ത് അവ പരിചയപ്പെടാനും ചൊല്ലി പരിശീലിക്കാനും നിശ്ചിതസമയം നൽകുന്നു. ഒരു ഗ്രൂപ്പിൽ കവിതയുടെ ഒന്നിലധികം കോപ്പി നൽകുന്നത് നല്ലതാണ്.

ഗ്രൂപ്പുകളുടെ കവിത ചൊല്ലൽ.

- ഏതു ഗ്രൂപ്പാണ് നന്നായി ചൊല്ലിയത്?
- ചൊല്ലൽ ഇനിയും നന്നാക്കാൻ എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധ വേണം?
- ഏതു കവിതയാണ് കൂട്ടായി ചൊല്ലാൻ യോജിച്ചത്? ഒറ്റയ്ക്കു ചൊല്ലിയാൽ കൂടുതൽ ഹൃദ്യമാകുന്ന കവിത ഏതാണ്?
  കുട്ടികൾ അവരുടെ അഭിപ്രായങ്ങൾ പങ്കിടട്ടെ.
- ഈ കവിതകൾക്ക് പൊതുവായി പറയാവുന്ന എന്തെങ്കിലും പ്രത്യേകതകളുണ്ടോ?

ഒരു പൊതു പ്രമേയത്തെ വ്യത്യസ്ത സാഹചര്യങ്ങളിലും വ്യത്യസ്തരീതികളിലും ആവിഷ്കരിച്ച കവിതകളാണ് ഇവിടെ ചൊല്ലിയതെല്ലാം എന്നും, ആ പ്രമേയം ഇഷ്ടം അഥവാ സ്നേഹം ആണെന്നും കുട്ടികൾക്ക് ധാരണയുണ്ടാകുവിധം ചർച്ച നയിക്കണം.

(അക്കിത്തത്തിന്റെ 'ഓണം വന്നപ്പോൾ' എന്ന കവിതയും അതിന്റെ ചർച്ചയ്ക്കുള്ള സൂചനകളും ഇവിടെ നൽകുന്നു.)

**ഓണം വന്നപ്പോൾ**

**അക്കിത്തം**

മാവേലീ, നിന്റെ വരവുമൂലം
പാവങ്ങൾ കഷ്ടത്തിലായി ഞങ്ങൾ !
അറ്റുപോവുന്നില്ലുരക്കടലാ-
സ്സിട്ടാലും കണ്ണെഴുത്തെന്നു വന്നൂ.
വർണ്ണപ്പൂക്കാടുകൾ കണ്ടുകണ്ടു
കണ്ണിലെക്കാഴ്ച പരുങ്ങലായീ.
വിണ്ണിലലയ്ക്കുന്ന പൂവിളിയാ-
ലണ്ണാക്കു മണ്ണട്ടയായി മാറീ.
തുമ്പപ്പൂത്തുമ്പേറ്റു കീറിയോരോ
തൂവിരലറ്റത്തും ചോര വന്നൂ.
കാതിനു വില്ലൊച്ച കേട്ടുകേട്ടു
യാതൊന്നും കേൾക്കില്ലെന്നായ്ക്കഴിഞ്ഞൂ
ഉപ്പേരി പപ്പടം തിന്നുതിന്നി-
ട്ടുള്ള രുചിയും പറപറന്നൂ.
നേന്ത്രപ്പഴത്തോടു മല്ലടിച്ചു
കോന്ത്രപ്പല്ലൊക്കെത്തകർന്നുംപോയീ.
മാവേലി, നിന്റെ വരവു മൂലം
പാവങ്ങൾ കഷ്ടത്തിലായി ഞങ്ങൾ !

ഈ കവിതയിൽ പാവങ്ങൾ എന്നു പറഞ്ഞിരിക്കുന്നതാരാണ് ? കവിതയുടെ ഭാവം എന്താണ്? എന്നു ചോദിച്ചുകൊണ്ട് കവിതയുടെ ആശയവും ആവിഷ്കരണരീതിയും ചർച്ച ചെയ്യണം. ഓണാഘോഷത്തിലൂടെ കുട്ടികൾക്കുണ്ടായ അതിരറ്റ സന്തോഷമാണ് ഈ കവിതയിൽ വ്യംഗ്യമായി ആവിഷ്കരിച്ചിട്ടുള്ളത്. കവിതയിൽ സൂചിപ്പിച്ച അനുഭവങ്ങളെല്ലാം സന്തോഷത്തിന്റെ വ്യത്യസ്തമായ അനുഭവങ്ങളാണ്. പഞ്ചേന്ദ്രിയങ്ങളെയും ആനന്ദത്തിലാറാടിക്കുന്ന ഓണാഘോഷത്തിൽ മതിമറന്ന കുട്ടികളുടെ മനോഹരചിത്രം ഈ കവിതയിലുണ്ട്.

സ്കൂൾതലശില്പശാലയിൽ കവിത ചൊല്ലാനുള്ള 4-5 പേരുള്ള ഗ്രൂപ്പിനെ ചർച്ചയ്ക്കൊടുവിൽ കുട്ടികൾതന്നെ തെരഞ്ഞെടുക്കട്ടെ.

## സെഷൻ 6

## *നമുക്കൊരു നാടകം കളിക്കാം*

ആശയപ്രകാശനത്തിന് ഏറ്റവും യോജിച്ച ഒരു മാധ്യമമാണ് അഭിനയം. കഥകളെ/ആശയങ്ങളെ നാടകരൂപത്തിൽ ആവിഷ്കരിക്കുന്നതിന് കുട്ടികൾക്ക് അവസരം വേണം. എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളും അഭിനയത്തിൽ ഏറെ മുൻപന്തിയിലെത്താൻ ശേഷിയുള്ളവരാണ്. അഭിനയത്തിന്റെ സാധ്യതകളെ പോഷിപ്പിക്കുന്നതിനും അതിലൂടെ ഒരു നല്ല കൂട്ടായ്മ വളർത്തിയെടുക്കുന്നതിനും ഈ സെഷൻ പ്രയോജനപ്പെടും.

ഒരു നാടകം കളിക്കാൻ എന്തെല്ലാം വേണം?

ഒരു ലഘു ചർച്ചയിലൂടെ നാടകാവതരണത്തിന്റെ വ്യത്യസ്തതലങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

അവതരണത്തിന്റെ സൂക്ഷ്മാംശങ്ങൾ, അഭിനയമികവ് എന്നിവയിലുപരി ഗ്രൂപ്പിലെ എല്ലാവരുടെയും പങ്കാളിത്തം, ഒത്തിണക്കം, കാര്യക്ഷമമായ നേതൃത്വം തുടങ്ങിയ അംശങ്ങളിലാണ് ടീച്ചർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

5-6 കുട്ടികളുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. (മികച്ച കുട്ടികൾ മാത്രമുള്ള ഗ്രൂപ്പുകൾ ആവരുത്) ഇഷ്ടം പ്രമേയമായി വരുന്ന ഏതാനും തീമുകൾ ഗ്രൂപ്പുകൾക്കു നൽകുന്നു.

അമ്മയും കുഞ്ഞും, കുട്ടിയും പൂമ്പാറ്റകളും, പൂക്കളും കിളികളും, കളി, മഴയിൽ കുളിച്ചുനിൽക്കുന്ന പ്രകൃതി, ടീച്ചറും കുട്ടികളും, വിരുന്ന് തുടങ്ങിയ പ്രമേയങ്ങൾ ആകാം.

പ്രമേയങ്ങൾ വികസിപ്പിക്കൽ, കഥാപാത്രങ്ങളെ കണ്ടെത്തലും ചുമതലാവിഭജനവും, സംഭാഷണരചന, ആവശ്യമുള്ള ലഘുസജ്ജീകരണങ്ങൾ ഇവയെല്ലാം ഗ്രൂപ്പ് ചർച്ചയിൽ വരണം. ചുരുങ്ങിയത് അരമണിക്കൂർ ഒരുക്കത്തിനായി ലഭിക്കണം. ഒരു അവതരണം അഞ്ചുമിനിട്ടുനേരത്തിലൊതുക്കണം.

അവതരണത്തിനു ശേഷം എല്ലാ ഗ്രൂപ്പുകളും പങ്കെടുക്കുന്ന ചർച്ച. മികച്ച അവതരണം ഏതു ഗ്രൂപ്പിന്റേതായിരുന്നു? പോരായ്മകളെന്തൊക്കെ ? ഇനിയും മികച്ചതാക്കാൻ എന്തെല്ലാം ചെയ്യണം? ഈ കാര്യങ്ങൾക്ക് ചർച്ചയിലൂടെ വ്യക്തത കൈവരണം.

സ്കൂൾതലത്തിൽ നാടകം കളിക്കാൻ ക്ലാസിൽനിന്ന് 5 പേരുള്ള ഒരു ഗ്രൂപ്പ് വേണം. ഗ്രൂപ്പിൽ ആരെല്ലാമുണ്ടായിരിക്കണമെന്ന് ഇപ്പോഴത്തെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ നിശ്ചയിക്കുന്നു.

************************

# 2. സ്കൂൾതല സാഹിത്യശില്പശാല (സാഹിത്യോത്സവം)

## പൊതു നിർദ്ദേശങ്ങൾ

- പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ക്ലാസ്തലശില്പശാലകളിൽനിന്ന് കണ്ടെത്തിയ കുട്ടികളാണ് സ്കൂൾ സാഹിത്യോത്സവത്തിലെ പങ്കാളികൾ. കുട്ടികളുടെ ആകെ എണ്ണം 60 ൽ കൂടാതിരിക്കുന്നത് പ്രവർത്തനങ്ങളുടെ നടത്തിപ്പിന് സഹായകമാകും.
- സ്കൂൾതല ശില്പശാലയിൽ കഥ, കവിത, ചിത്രം, കവിതാലാപനം, അഭിനയം, നാടൻപാട്ട് എന്നീ മേഖലകളിലുള്ള പ്രവർത്തനങ്ങൾ ഉണ്ട്. എല്ലാവർക്കും ഈ 6 മേഖലയിലും അനുഭവങ്ങൾ ലഭിക്കുന്നതരത്തിലാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.
- ക്ലാസ്തലശില്പശാലകൾ പൂർത്തിയാകുന്നതനുസരിച്ച് ഒക്ടോബർ 30 നുള്ളിൽ നടത്താവുന്ന വിധത്തിൽ ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടിയായി സ്കൂൾ സാഹിത്യോത്സവം നടക്കണം.
- ഉദ്ഘാടന-സമാപനപരിപാടികൾ വളരെ ചുരുക്കി, ശില്പശാലാ പ്രവർത്തനങ്ങൾ പൂർണ്ണമായി നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.
- നാടൻപാട്ടും അഭിനയവും ഒഴികെയുള്ള നാലു മേഖലകളിൽ 2-3 പേരെ വീതമാണ് ഓരോ ക്ലാസ് ഡിവിഷനുകളിൽനിന്നും പങ്കെടുപ്പിക്കേണ്ടത്. അഭിനയത്തിന് 5 പേരടങ്ങുന്ന സംഘമാകാം. നാടൻപാട്ട് ക്ലാസ്തലത്തിൽ നടത്തുന്ന ഇനമല്ലാത്തതിനാൽ സ്കൂൾതലത്തിൽ താല്പര്യമുള്ള കുട്ടികൾക്കെല്ലാം പങ്കെടുക്കാം.
- സ്കൂൾ പി.ടി.എ.യുടെ സഹകരണം ഉറപ്പാക്കണം. വിദ്യാരംഗം കലാസാഹിത്യവേദിയുടെ സ്കൂൾതലസമിതിയുടെ ചുമതലയിലാണ് പരിപാടി നടക്കേണ്ടത്.
- ആറു വിഭാഗങ്ങളെ (കഥ, കവിത, ചിത്രം, കവിതാലാപനം, അഭിനയം, നാടൻപാട്ട്) നയിക്കാൻ ആറ് അധ്യാപകരെ ചുമതലപ്പെടുത്തണം.
- പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും, കഴിയുമെങ്കിൽ സമ്മാനപുസ്തകങ്ങളും നൽകാൻ ശ്രമിക്കുക.
- ഉപജില്ലാ സാഹിത്യോത്സവത്തിന് പങ്കെടുക്കേണ്ടവരെ കണ്ടെത്തി നിശ്ചയിക്കുന്നതോടെ സ്കൂൾതലശില്പശാല പൂർണ്ണമാകുന്നു.
- ആകെ അമ്പതിൽ താഴെമാത്രം കുട്ടികളുള്ള സ്കൂളുകളിൽ സ്കൂൾതലശില്പശാല ക്ലാസ് ശില്പശാലയുടെ മൊഡ്യൂൾ ഉപയോഗിച്ച് നടത്തി ഉപജില്ലാതലത്തിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കുകയാണ് വേണ്ടത്.

**പ്രവർത്തനം 1**

ഒ.എൻ.വി.കുറുപ്പിന്റെ 'എന്റെ മലയാളം' എന്ന കവിത ഒരുമിച്ചു ചൊല്ലിക്കൊണ്ട് ശില്പശാലയ്ക്കു തുടക്കം കുറിക്കുന്നു. (<u>സ്കൂൾ ശില്പശാല - അനുബന്ധം-1</u>)

- ഈ കവിതയിൽ പറയുന്ന കാര്യങ്ങളെന്തെല്ലാമാണ്?
- മലയാളത്തിന്റെ സൗന്ദര്യം കവി എങ്ങനെയെല്ലാം ആവിഷ്കരിച്ചിരിക്കുന്നു?
- എഴുത്തച്ഛനെ അനുസ്മരിക്കുന്ന വരി കണ്ടെത്താമോ?
- നാടൻപാട്ടുകളെക്കുറിച്ച് സൂചനയുള്ള വരികൾ?

കവിതയുടെ ആശയം കുട്ടികളിലേയ്ക്ക് എത്തിക്കാൻ സഹായകമായ ചർച്ച.

മലയാളഭാഷയുടെ മാധുര്യം വെളിവാക്കുന്ന കവിതാഭാഗങ്ങളും സിനിമാ-നാടകഗാനങ്ങളും നാടൻപാട്ടുകളും ചൊല്ലാനുള്ള സന്ദർഭം. ഒറ്റയ്ക്കും കൂട്ടായും ആലപിക്കാം.

(ചില കവിതകളും ഗാനങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു. സമാനമായവ കണ്ടെത്തി ഉപയോഗിക്കാം.)

ചൊല്ലിക്കേട്ട ഗനങ്ങളിലും കവിതകളിലും അടങ്ങുന്ന സൗന്ദര്യാംശങ്ങളെക്കുറിച്ച് കുട്ടികൾ കുറിപ്പുകൾ തയ്യാറാക്കട്ടെ.

ഏതാനും കുറിപ്പുകളുടെ അവതരണവും പൊതു ചർച്ചയും. കേരളത്തിന്റെയും മലയാളത്തിന്റെയും സൗന്ദര്യവും മഹത്ത്വവും വർണ്ണിക്കുന്ന കവിതകളുടെയും ഗാനങ്ങളുടെയും വായനയിലേയ്ക്ക് കുട്ടികളെ നയിക്കുന്ന രീതിയിൽ ടീച്ചറുടെ ക്രോഡീകരണം.

**പ്രവർത്തനം 2**

ഭാഷയുടെ സൗന്ദര്യം കവിതകളിലും ഗാനങ്ങളിലും മാത്രമല്ല.

ഭാഷയുടെ അഴകും ഓജസ്സും കരുത്തും വെളിവാക്കുന്ന ധാരാളം ഗദ്യരചനകളുണ്ട്. കഥ, ഉപന്യാസം, യാത്രാവിവരണം, അനുഭവക്കുറിപ്പ്.....

നമുക്ക് ഒരു കഥ വായിക്കാം.

അംബികാസുതൻ മങ്ങാടിന്റെ 'രണ്ടു മത്സ്യങ്ങൾ' എന്ന കഥ കുട്ടികളുടെ ഗ്രൂപ്പിൽ വായിക്കുന്നു. ആദ്യത്തെ വായനയിൽ കണ്ടെത്തിയ ചില ആശയങ്ങളും സവിശേഷതകളും പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു. (സ്കൂൾ ശില്പശാല - അനുബന്ധം-2 – എട്ടാംക്ലാസിലെ മലയാളം അടിസ്ഥാനപാഠാവലിയുടെ പി.ഡി.എഫ് കോപ്പിയിൽനിന്ന്)

തുടർന്ന് ഓരോ ഗ്രൂപ്പും കഥയുടെ ഒരു ആസ്വാദനം തയ്യാറാക്കുന്നു.

ഗ്രൂപ്പുകളുടെ അവതരണം. കഥയുടെ ആശയം, കഥാപാത്രങ്ങളുടെ പ്രത്യേകതകൾ, രണ്ടു മത്സ്യങ്ങൾക്ക് ജീവിതവുമായുള്ള ബന്ധം തുടങ്ങിയ കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

തുടർന്ന് കഥയുടെ പ്രമേയം, കഥാപാത്രങ്ങൾ, ആഖ്യാനരീതി, ഭാഷ, തുടക്കവും ഒടുക്കവും, പേര് തുടങ്ങി രചനയുമായി ബന്ധപ്പെട്ട പൊതുധാരണകൾ കുട്ടികളിൽ ഉണ്ടാക്കാൻ സഹായകമായ ചർച്ച.

**പ്രവർത്തനം 3**

റഫീക്ക് അഹമ്മദിന്റെ 'തോരാമഴ' (സ്കൂൾ ശില്പശാല - അനുബന്ധം-3)ടീച്ചറോ ഒന്നുരണ്ടു കുട്ടികളോ ചൊല്ലുന്നു.

കവിത ഗ്രൂപ്പുകളിൽ വായനയ്ക്കു നൽകുന്നു.

ഈ കവിത ചൊല്ലിക്കേട്ടപ്പോഴും വായിച്ചപ്പോഴും നിങ്ങളുടെ മനസ്സിൽ തോന്നിയ കാര്യങ്ങളെന്തെല്ലാമാണ്?

ഇതേ ആശയമുള്ള മറ്റേതെങ്കിലും കവിത നിങ്ങൾക്ക് പരിചയമുണ്ടോ? ('മാമ്പഴം', 'ആത്മാവിലൊരു ചിത' എന്നീ കവിതകൾ പരിചയപ്പെടുത്താം.)

ജീവിതത്തിലെ നഷ്ടങ്ങളെ വായനക്കാരുടെ കണ്ണു നിറയുംമട്ടിൽ ആവിഷ്കരിക്കുന്ന കവിതകളുണ്ട്. ചർച്ചയിലൂടെ, സ്നേഹവും സന്തോഷവും സങ്കടവും തൃപ്തിയും ആഗ്രഹവും കോപവും ഭയവും വെറുപ്പുമെല്ലാം കവിതകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു എന്ന ധാരണയിലെത്തണം.

**പ്രവർത്തനം 4**

പ്രാദേശികമായി കിട്ടാവുന്ന ഒരു നാടൻപാട്ട് ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. അധ്യാപികയും കുട്ടികളും ചേർന്ന് ചൊല്ലുന്നു.

തുടർന്ന്, കൂടുതൽ നാടൻപാട്ടുകൾ കുട്ടികൾ സംഘമായും ഒറ്റയ്ക്കും ചൊല്ലട്ടെ. പരിചിതമായ വായ്ത്താരികളും സംഘമായി ചൊല്ലാം.

**പ്രവർത്തനം 5**

എല്ലാ കുട്ടികളും ചേർന്ന് ആദ്യത്തെ നാലു പ്രവർത്തനങ്ങളും ചെയ്ത ശേഷം കുട്ടികളെ അവരുടെ അഭിരുചിക്കും ക്ലാസ്തലശില്പശാലയിലെ പ്രകടനത്തിനും അനുസരിച്ച് കഥാരചന, കവിതാ

രചന, ചിത്രരചന, കാവ്യാലാപനം, അഭിനയം, നാടൻപാട്ട് എന്നീ ആറ് വിഭാഗങ്ങളായി വേർതിരിയുന്നു.

കഥാരചന, കവിതാരചന - സ്വതന്ത്രമായ ഒരു ആശയം വ്യക്തിഗതമായി തെരഞ്ഞെടുത്ത് രചനയിലേർപ്പെടുന്നു. രചനയ്ക്കു ശേഷം, അവയുടെ വായനയും മികച്ച രചനകൾ കണ്ടെത്തലും. കുട്ടികളും അധ്യാപകരും ചേർന്നാണ് മികവുള്ള രചനകൾ തെരഞ്ഞെടുക്കേണ്ടത്.

കാവ്യാലാപനം - തോരാമഴ, അനുബന്ധമായി കൊടുത്തിട്ടുള്ള കവിതകൾ ഇവയിൽ ഏതെങ്കിലും ഒരെണ്ണം ചൊല്ലി പരിശീലിക്കുന്നു. ഓരോരുത്തരും കവിത ചൊല്ലുന്നു. കവിത മികവോടെ ചൊല്ലിയ കുട്ടികളെ കുട്ടികളും ചുമതലയുള്ള അധ്യാപകനും ചേർന്ന് കണ്ടെത്തുന്നു.

ചിത്രം - ഏതെങ്കിലും ഒരു ആശയം കണ്ടെത്തി സ്വതന്ത്രമായി ചിത്രം വരയ്ക്കുന്നു. ചിത്രരചനയ്ക്ക് ജലച്ചായമോ ക്രയോണോ ഉപയോഗിക്കാം.

അഭിനയം - ഓരോ ക്ലാസ് ഗ്രൂപ്പും അവർ കണ്ടെത്തിയ ഒരാശയത്തെ ദൃശ്യവത്കരിക്കുന്നതിന് തയ്യാറാവുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണം. അവതരണങ്ങൾക്കൊടുവിൽ ഉപജില്ലയിൽ പങ്കെടുക്കുന്നതിന് അർഹരായ 5 കുട്ടികളെ (ഗ്രൂപ്പിനെയല്ല) പൊതു വിലയിരുത്തൽ ചർച്ചയിലൂടെ കണ്ടെത്തുന്നു.

നാടൻപാട്ട് - നാടൻപാട്ടിൽ പ്രായോഗികപരിജ്ഞാനമുള്ള ഒരു വ്യക്തിയുടെ നേതൃത്വത്തിൽ രണ്ടോ മൂന്നോ ഗ്രൂപ്പുകളായി നാടൻപാട്ടുകൾ ചൊല്ലി പരിശീലിക്കുകയും ഏറ്റവും നന്നായി ചൊല്ലുന്ന 2 കുട്ടികളെ തെരഞ്ഞെടുക്കുകയും വേണം.

സമയം അനുവദിക്കുമെങ്കിൽ ഒരു പൊതുസെഷനിലൂടെ ആറു വിഭാഗങ്ങളിലും നടന്ന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുകയും ഉപജില്ലാ സാഹിത്യശില്പശാലയിൽ പങ്കെടുക്കുന്നവരുടെ പേരുകൾ അറിയിക്കുകയും ആകാം.

*********************

# 3. ഉപജില്ലാ സാഹിത്യശില്പശാല (സാഹിത്യോത്സവം)

## നിർദ്ദേശങ്ങൾ

- ഉപജില്ലാ സാഹിത്യോത്സവം രണ്ടുദിവസത്തെ സാഹിത്യശില്പശാലയായിട്ടാണ് നടത്തേണ്ടത്.
- യു.പി.വിഭാഗത്തിൽ കഥ, കവിത, ചിത്രം, കാവ്യാലാപനം, നാടൻപാട്ട്, അഭിനയം എന്നീ ആറു മേഖലകളിലാണ് ശില്പശാലാപ്രവർത്തനങ്ങൾ നടക്കുന്നത്.
- ശില്പശാലയ്ക്കായി തെരഞ്ഞെടുക്കുന്ന സ്കൂളിൽ മുൻകൂട്ടി സ്വാഗതസംഘം രൂപീകരിച്ച് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തണം. ആവശ്യമായ സ്റ്റേഷണറി സാമഗ്രികൾ, ഭക്ഷണം, ശബ്ദവും വെളിച്ചവും, സ്റ്റേജും രചനകൾക്കുള്ള മുറികളും ഇവയെല്ലാം ഉറപ്പുവരുത്തണം. വിദ്യാഭ്യാസ ഓഫീസർമാർ, എസ്.എസ്.എ.അധികൃതർ, പഞ്ചായത്ത് / മുനിസിപ്പൽ ഭരണസമിതി എന്നിവരുടെയെല്ലാം സഹകരണം ഇതിനാവശ്യമാണ്.
- ശില്പശാലയിൽ എല്ലാ കുട്ടികളും രണ്ടുദിവസവും പങ്കെടുക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്. ആദ്യദിവസം രചനകളുടെയും ആവിഷ്കാരങ്ങളുടെയും ലോകത്തേയ്ക്ക് കുട്ടികൾക്ക് പ്രവേശിക്കാനും, അന്നത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പിറ്റേന്ന് രചനകളും അവതരണങ്ങളും നടത്താനും അവസരമുണ്ടാകണം.
- ആറു വിഭാഗങ്ങളിലെ കുട്ടികളും ഒത്തുചേരുന്ന ഒരു സമാപനസെഷൻ ഉണ്ടാവണം. ഓരോ ഗ്രൂപ്പിലെയും പ്രവർത്തനങ്ങളുടെ ക്രോഡീകരണം കുട്ടികൾ സമാപനസെഷനിൽ അവതരിപ്പിക്കണം. ജില്ലാതലത്തിൽ പങ്കെടുക്കേണ്ട കുട്ടികളുടെ വിവരങ്ങൾ സമാപനസമ്മേളനത്തിൽ പ്രഖ്യാപിക്കണം.
- ഓരോ വിഭാഗത്തിലും മികച്ച കുട്ടികളെ / ഗ്രൂപ്പിനെ കണ്ടെത്തുന്നത് അംഗങ്ങളായ കുട്ടികളുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടാവണം. ഉപജില്ലാ സാഹിത്യവേദി ഭാരവാഹികളും ശില്പശാലാ റിസോഴ്സ് ഗ്രൂപ്പും ചേർന്ന് ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം.
- ഉപജില്ലയിലെ പങ്കാളികളുടെ എണ്ണം നിജപ്പെടുത്തണം. കഥ, കവിത, ചിത്രം, കാവ്യാലാപനം, നാടൻപാട്ട് എന്നീ അഞ്ചിനങ്ങളിൽ ചുരുങ്ങിയത് 2 കുട്ടികൾ വീതവും അഭിനയത്തിന് 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പും ആകാം.
- ശില്പശാലയിൽ ഓരോ വിഭാഗത്തിനും പ്രവർത്തനങ്ങൾ നയിക്കാൻ കഴിവുള്ള അധ്യാപകർ / റിസോഴ്സ് പേഴ്സൺ ഉണ്ടായിരിക്കണം. ഇവരെ നേരത്തേ കണ്ടെത്തി ചുമതലപ്പെടുത്തുകയും മൊഡ്യൂൾ പരിചയിക്കുന്നതിന് അവസരം നൽകുകയും വേണം.
- ഉദ്ഘാടന സമ്മേളനം വളരെ നീണ്ടുപോകാതെ, സാഹിത്യത്തിന്റെയും കലകളുടെയും ലോകത്തേയ്ക്ക് കുട്ടികളെ നയിക്കാൻ പ്രാപ്തമായ വേദിയായി മാറ്റണം.
- ജില്ലയിലെ എഴുത്തുകാർ, ജനപ്രതിനിധികൾ, പ്രഗത്ഭരായ അധ്യാപകർ, എഴുത്തിലും വായനയിലും പ്രതിഭ തെളിയിച്ച കുട്ടികൾ, കലാകാരന്മാർ - ഇവരിലാരെയെങ്കിലും അതിഥിയായി പങ്കെടുപ്പിക്കണം.
- പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റും സമ്മാനമായി പുസ്തകങ്ങളും നൽകാൻ ശ്രമിക്കണം. പ്രശസ്തനായ ഒരെഴുത്തുകാരന്റെ ഒപ്പോടുകൂടി സർട്ടിഫിക്കറ്റ് തയ്യാറാക്കാൻ കഴിയുമെങ്കിൽ നന്ന്.
- രജിസ്ട്രേഷൻ ഷീറ്റുകൾ, മൂല്യനിർണ്ണയഷീറ്റുകൾ, ശില്പശാലാംഗങ്ങളുടെ പ്രതികരണം രേഖപ്പെടുത്താനുള്ള ഫോർമാറ്റ് ഇവ മുൻകൂട്ടി തയ്യാറാക്കണം.പങ്കെടുക്കുന്ന എല്ലാ കുട്ടികളിൽനിന്നും പ്രതികരണങ്ങൾ എഴുതി വാങ്ങണം.

## മേഖല 1 : കഥ

സ്കൂൾതലത്തിൽ കഥാരചനയിൽ മികവുള്ള കുട്ടികളുടെ സംഘമാണ് ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടത്. ക്ലാസ്തലത്തിലും സ്കൂൾതലത്തിലും ലഭിച്ച വായനാനുഭവങ്ങളുടെ തുടർച്ചയും വളർച്ചയും കുട്ടികൾക്ക് ലഭിക്കണം. കഥാകൃത്തുക്കളോ കഥയുടെ വായനയിലും ആസ്വാദനത്തിലും കൂടുതൽ കഴിവും ശ്രദ്ധയും ഉള്ള അധ്യാപകരോ ശില്പശാല നയിക്കാൻ ഉണ്ടായിരിക്കണം. താഴെ കൊടുത്ത പ്രവർത്തനങ്ങളാണ് ശില്പശാലയിൽ നടക്കേണ്ടത്.

- മികച്ച കഥകളുടെ വായനയും ചർച്ചയും
- കഥാകൃത്തുക്കളുമായി രചനാനുഭവങ്ങൾ പങ്കിടൽ, കുട്ടികൾ സ്വന്തം എഴുത്തനുഭവങ്ങളും വായനാനുഭവങ്ങളും പങ്കുവെയ്ക്കൽ
- ക്ലാസ്തലത്തിലോ സ്കൂൾതലത്തിലോ എഴുതിയ ചില കഥകളുടെ വായനയും പ്രതികരണവും
- പൊതുപ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള കഥാരചന
- ഓരോ കുട്ടിയും എഴുതിയ കഥയുടെ വായനയും ചർച്ചയും മെച്ചപ്പെടുത്തലും
- കുട്ടികളുടെകൂടി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ പങ്കെടുക്കേണ്ട കുട്ടിയെ / കുട്ടികളെ കണ്ടെത്തൽ.
- ശില്പപശാലയിലെ രചനകൾ ഉൾക്കൊള്ളിച്ച് കഥപ്പതിപ്പ് തയ്യാറാക്കി പ്രകാശനം ചെയ്യൽ.

വിവിധ കഥാകൃത്തുക്കൾ എഴുതിയ ഭാഷയിലെ മികച്ച കഥാസമാഹാരങ്ങളുടെ പ്രദർശനം കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി ശില്പശാലയിൽ ഒരുക്കുന്നത് നല്ലതാണ്. ശില്പശാലയിൽ വായനയ്ക്കുള്ള ഏതാനും കഥകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## മേഖല 2 : കവിത

കവിതാരചനയിൽ മികവുള്ള കുട്ടികളുടെ സംഘമാണ് ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടത്. ക്ലാസ്-സ്കൂൾ തലങ്ങളിൽ ലഭിച്ച വായനാനുഭവങ്ങളുടെ തുടർച്ചയും വളർച്ചയും കുട്ടികൾക്ക് ലഭിക്കണം. കവികളോ കാവ്യവായനയിലും ആസ്വാദനത്തിലും കൂടുതൽ കഴിവും ശ്രദ്ധയും ഉള്ള അധ്യാപകരോ ശില്പശാല നയിക്കാൻ ഉണ്ടായിരിക്കണം. താഴെ കൊടുത്ത പ്രവർത്തനങ്ങളാണ് ശില്പശാലയിൽ നടക്കേണ്ടത്.

- മികച്ച കവിതകളുടെ വായനയും ചർച്ചയും - ഭാഷ, ആശയം, പ്രയോഗങ്ങൾ, താളം, ബിംബങ്ങൾ തുടങ്ങി കാവ്യഭാഷയെ അടുത്തറിയാൻ കഴിയുന്ന ചർച്ചകളായിരിക്കണം.
- കവികളുമായി രചനാനുഭവങ്ങൾ പങ്കിടൽ, കുട്ടികൾ സ്വന്തം എഴുത്തനുഭവങ്ങളും വായനാനുഭവങ്ങളും പങ്കുവെയ്ക്കൽ
- ക്ലാസ്തലത്തിലോ സ്കൂൾതലത്തിലോ എഴുതിയ കവിതകളുടെ വായനയും പ്രതികരണവും
- വൃത്തബദ്ധമായ കവിതകൾ ചൊല്ലൽ, ഗദ്യകവിതകളുടെ ഭാവാത്മകമായ ശ്രാവ്യവായന
- പൊതുപ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള കവിതാരചന
- എഴുതിയ കവിതയുടെ വായനയും ചർച്ചയും മെച്ചപ്പെടുത്തലും
- കുട്ടികളുടെകൂടി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ പങ്കെടുക്കേണ്ട കുട്ടിയെ / കുട്ടികളെ കണ്ടെത്തൽ.
- ശില്പപശാലയിലെ രചനകൾ ഉൾക്കൊള്ളിച്ച കവിതപ്പതിപ്പിന്റെ പ്രകാശനം.

ഭാഷയിലെ മികച്ച കവിതാസമാഹാരങ്ങളുടെ പ്രദർശനം ശില്പശാലയിൽ ഒരുക്കുന്നത് നല്ലതാണ്. ശില്പശാലയിൽ വായനയ്ക്കുള്ള ഏതാനും കവിതകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## മേഖല 3 : ചിത്രം

ചിത്രരചനയിൽ മികവുള്ള കുട്ടികളുടെ സംഘമാണ് ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടത്. ക്ലാസ്-സ്കൂൾ തലങ്ങളിൽ ലഭിച്ച വായനാനുഭവങ്ങളുടെ തുടർച്ചയും വളർച്ചയും കുട്ടികൾക്ക് ലഭിക്കണം. ചിത്രകാരന്മാരോ ചിത്രകലാസ്വാദനത്തിൽ കഴിവും ശ്രദ്ധയും ഉള്ള അധ്യാപകരോ ശില്പശാല നയിക്കാൻ ഉണ്ടായിരിക്കണം. താഴെ കൊടുത്ത പ്രവർത്തനങ്ങളാണ് ശില്പശാലയിൽ നടക്കേണ്ടത്.

- മികച്ച ചിത്രങ്ങൾ കാണാനുള്ള അവസരം.
- ചിത്രകാരന്മാരുമായി രചനാനുഭവങ്ങൾ പങ്കിടൽ.
- ക്ലാസ്തലത്തിലോ സ്കൂൾതലത്തിലോ വരച്ച ചിത്രങ്ങളുടെ പ്രദർശനവും പ്രതികരണവും
- വിവിധതരം ചിത്രരചനാസങ്കേതങ്ങളെക്കുറിച്ച് സാമാന്യമായ ധാരണയുണ്ടാക്കൽ.
- പൊതുപ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള ചിത്രരചന
- വരച്ച ചിത്രങ്ങളുടെ ആസ്വാദനവും ചർച്ചയും മെച്ചപ്പെടുത്തലും
- കുട്ടികളുടെകൂടി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ചിത്രരചനയ്ക്ക് പങ്കെടുക്കേണ്ട കുട്ടിയെ / കുട്ടികളെ കണ്ടെത്തൽ.
- ശില്പപശാലയിലെ രചനകൾ ഉൾക്കൊള്ളിച്ച ചിത്രപുസ്തകത്തിന്റെ പ്രകാശനം.

മികച്ച ചിത്രങ്ങളുടെ പ്രദർശനം ശില്പശാലയിൽ ഒരുക്കുന്നത് നല്ലതാണ്.

## മേഖല 4 : കവിതാലാപനം

കവിതകൾ ചൊല്ലുന്നതിൽ മികവുള്ള കുട്ടികളുടെ സംഘമാണ് ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടത്. നന്നായി കവിത ചൊല്ലുന്നതിനും കവിതാലാപനത്തിന്റെ സൂക്ഷ്മാംശങ്ങൾ വിശദീകരിക്കാനും കഴിവുള്ള അധ്യാപകർ ശില്പശാല നയിക്കാൻ ഉണ്ടായിരിക്കണം. താഴെ കൊടുത്ത പ്രവർത്തനങ്ങളാണ് ശില്പശാലയിൽ നടക്കേണ്ടത്.

- മികച്ച കവിതാലാപനങ്ങൾ കേൾക്കൽ
- കവിതകൾ വായിച്ച്, ഭാവാത്മകമായി ചൊല്ലൽ, വ്യത്യസ്തമായ ഈണങ്ങളിൽ ചൊല്ലൽ
- സംഘമായും ഒറ്റയ്ക്കും കവിത ചൊല്ലൽ, പ്രതികരണങ്ങൾ
- നിർദ്ദിഷ്ട കവിതകളുടെ വായന, ചൊല്ലൽ
- കുട്ടികളുടെകൂടി വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ ചിത്രരചനയ്ക്ക് പങ്കെടുക്കേണ്ട കുട്ടിയെ / കുട്ടികളെ കണ്ടെത്തൽ.

ചൊല്ലാവുന്ന കവിതകളുടെ ഒരു ശേഖരം മുൻകൂട്ടി തയ്യാറാക്കണം. ചില കവിതകൾ മൊഡ്യൂളിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

## മേഖല 5 : നാടൻപാട്ട്

നാടൻപാട്ടുകലാകാരന്മാരുടെ സേവനം തീർച്ചയായും ശില്പശാലയ്ക്ക് ഉപയോഗിക്കണം. നാടൻപാട്ടുകളുടെ ചരിത്രം, സാഹിത്യത്തിൽ അവയുടെ സ്ഥാനം, കാവ്യഭംഗി, വായ്ത്താരികൾ, താളഘടന തുടങ്ങിയ കാര്യങ്ങൾ ഉദാഹരണസഹിതം (ഡെമോൺസ്ട്രേഷൻ രൂപത്തിൽ) അവതരിപ്പിക്കുന്ന ഒരു സെഷൻ കൂടിയേകഴിയൂ. ഓരോ നാട്ടിലെയും പ്രാദേശിക നാടൻപാട്ടുകൾ ശേഖരിക്കുകയും പരിചയപ്പെടുത്തുകയും വേണം. വേഷത്തിന്റെ പ്രസക്തി, വാദ്യങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികൾക്ക് വ്യക്തമായ ധാരണ നൽകണം.

സംഘാലാപനത്തിനും ഒറ്റയ്ക്കു പാടാനും അവസരങ്ങൾ നൽകണം.

മികച്ച കുട്ടികളെ കണ്ടെത്താനുള്ള വിലയിരുത്തലിൽ റിസോഴ്സ് പേഴ്സൺ കുട്ടികളുടെ വിലയിരുത്തൽകൂടി പരിഗണിക്കണം.

ജില്ലാതലത്തിലേക്കുള്ള കുട്ടികളെ മികവിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തണം.

ആദ്യദിവസം കുട്ടികൾക്ക് പരമാവധി കേൾവി അനുഭവങ്ങളും, വിശദീകരണാവസരങ്ങളും രണ്ടാം ദിവസം പാടാനുള്ള അവസരവും ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

## മേഖല 6 : അഭിനയം

മികച്ച നാടകപ്രവർത്തകരാണ് ശില്പശാല നയിക്കേണ്ടത്. കുട്ടികളുടെ തിയേറ്ററിൽ പ്രവർത്തിച്ചു പരിചയമുള്ളവരാണെങ്കിൽ കൂടുതൽ നന്നായി. കഥകളും കവിതകളും ചില ആശയങ്ങളും ദൃശ്യവത്കരിക്കുന്ന പ്രവർത്തനം നടക്കണം. നാടകം കൂട്ടായ്മയുടെ കലയാണ് എന്ന ആശയം കുട്ടികളിലെത്തിക്കാൻ കഴിയുമ്പോഴാണ് നാടകശില്പശാല വിജയിക്കുന്നത്.

കഥയും കവിതയും നാടകമാക്കുമ്പോൾ വരുന്ന, വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്യണം. സ്ക്രിപ്റ്റിനെക്കുറിച്ച് സാമാന്യധാരണ നൽകാം.

രണ്ടാം ദിവസം പൂർണ്ണമായി കുട്ടികളുടെ അവതരണങ്ങൾക്കും അവയുടെ വിലയിരുത്തലിനും നീക്കി വെയ്ക്കണം. ഏററവും മികച്ച ഗ്രൂപ്പിനെ കണ്ടെത്തുന്നതിന് കുട്ടികൾക്കും അവസരമുണ്ടാവണം. ഉപജില്ലയിലെ വിവിധ സ്കൂളുകളിലെ മികച്ച കുട്ടികളെ ഉൾപ്പെടുത്തിയ ഒരു ഉപജില്ലാ നാടകസംഘത്തെ ജില്ലാതലത്തിലേക്ക് അയക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സമാപനം

രണ്ടാംദിവസം ഉച്ചയ്ക്കു ശേഷം നടക്കുന്ന സമാപനപരിപാടിയിൽ എല്ലാ മേഖലയിലേയും പ്രവർത്തനങ്ങൾ കുട്ടികൾ അവതരിപ്പിക്കുകയും ശില്പശാലയുടെ ചുമതലക്കാരിൽ ഒരാൾ അവ ക്രോഡീകരിച്ച് സംസാരിക്കുകയും വേണം.

ഓരോ മേഖലയിലെയും ഒന്നോ രണ്ടോ കുട്ടികൾ ശില്പശാലാനുഭവങ്ങൾ പങ്കുവെയ്ക്കണം.

ജില്ലാതല സാഹിത്യോത്സവത്തിൽ പങ്കെടുക്കേണ്ട കുട്ടികളെ/സംഘത്തെ പ്രഖ്യാപിക്കണം.

എല്ലാവർക്കും സർട്ടിഫിക്കറ്റും സമ്മാനപുസ്തകങ്ങളും നൽകണം.

*****************